# NATIONAL BULLETIN

**DATE: 22.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും ; വിവിധ കരാറുകളിൽ ഒപ്പുവയ്ക്കും.

   **Bangladesh Prime Minister Sheikh Hasina, who is on a two-day visit to India, will meet Prime Minister Narendra Modi today; Various agreements will be signed.**

2. 53-ാമത് ജിഎസ്ടി കൗൺസിൽ യോഗം ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ നടക്കും.

   **The 53rd GST Council meeting will be held today in New Delhi under the chairmanship of Finance Minister Nirmala Sitharaman.**

3. മത്സര പരീക്ഷകളിലെ ക്രമക്കേടുകൾ നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ കൊണ്ടുവന്ന കർശന നിയമം ഇന്ന് മുതൽ പ്രാബല്യത്തിൽ.

   **A strict law introduced by the central government to control irregularities in competitive examinations is effective from today.**

4. C S I R - U G C - N E T പരീക്ഷ മാറ്റിവച്ചു ; പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്ന് ദേശീയ ടെസ്റ്റിംഗ് ഏജൻസി.

   **C S I R - U G C - N E T exam postponed. The National Testing Agency will announce the revised date later**

5. **കേരളത്തിൽ മഴ തുടരും ; ഇന്ന് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**

**Rain will continue in Kerala; Orange alert in six districts today.**

6. **ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 മത്സരത്തിൽ ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി.**

**South Africa defeated England by 7 wickets in the T20 Men's World Cup Cricket Super 8 match.**

***********************************

## BANGLADESH PM

രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും. ഇരു രാജ്യങ്ങളും തമ്മിൽ വിവിധ കരാറുകളിൽ ഒപ്പുവയ്ക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ എന്നിവരുമായും ബംഗ്ലാദേശ് പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ന് രാവിലെ രാഷ്ട്രപതി ഭവനിൽ ഷെയ്ഖ് ഹസീനയ്ക്ക് ആചാരപരമായ സ്വീകരണവും നൽകും. ഈ മാസം ആദ്യം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും കേന്ദ്ര മന്ത്രിമാരുടെയും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്ത അന്താരാഷ്ട്ര നേതാക്കളിൽ ഷെയ്ഖ് ഹസീനയും ഉൾപ്പെട്ടിരുന്നു. പ്രധാനമന്ത്രി മോദിയുടെ ക്ഷണപ്രകാരമാണ് ഇവരുടെ സന്ദർശനം. സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്നലെ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഷെയ്ഖ് ഹസീനയുമായി കൂടിക്കാഴ്ച നടത്തി. ഷെയ്ഖ് ഹസീനയുടെ ഇന്ത്യാ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത ബന്ധത്തിന് അടിവരയിടുന്നതായി കൂടിക്കാഴ്ചയ്ക്ക് ശേഷം ഡോ. ജയശങ്കർ പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം സമീപ വർഷങ്ങളിൽ പുതിയ ഉയരങ്ങളിലെത്തി. വ്യാപാരം, വാണിജ്യം, സുരക്ഷ, ഊർജം, ശാസ്ത്ര സാങ്കേതിക വിദ്യ, പ്രതിരോധം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിൽ സഹകരണമുണ്ട്. ഷെയ്ഖ് ഹസീനയുടെ

സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

****************************************

## G S T COUNCIL

53-ാമത് ജിഎസ്ടി കൗൺസിൽ യോഗം ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ നടക്കും . പുതിയ സർക്കാർ രൂപീകരണത്തിന് ശേഷം ആദ്യമായാണ് ജിഎസ്ടി കൗൺസിൽ യോഗം ചേരുന്നത്. 2023 ഒക്ടോബർ ഏഴിന് നടന്ന ജിഎസ്ടി കൗൺസിലിന്റെ 52-ാമത് യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ധനമന്ത്രിമാർ പങ്കെടുത്തു. അതിനിടെ, ശ്രീമതി സീതാരാമൻ ഇന്നലെ ന്യൂഡൽഹിയിൽ കർഷക സംഘടനകളുടെയും കാർഷിക സാമ്പത്തിക വിദഗ്ധരുടെയും പ്രതിനിധികളുമായി ബജറ്റിന് മുമ്പുള്ള കൂടിയാലോചന നടത്തി. വരാനിരിക്കുന്ന പൊതുബജറ്റിന് മുന്നോടിയായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രതിനിധികളുമായും അവർ കൂടിക്കാഴ്ച നടത്തി.

****************************************

## PULSES STOCK LIMIT

തുവരപരിപ്പ്, കടല എന്നിവയുടെ സംഭരണത്തിന് പരിധി ഏർപ്പെടുത്തി കേന്ദ്ര സർക്കാർ. പൂഴ്ത്തിവയ്പ്പ് തടയുക, അന്യായ ഊഹകച്ചവടം തടയുക ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് സാധനം ലഭ്യമാക്കുക, എന്നിവ ലക്ഷ്യമിട്ടാണ് നടപടി. ഉപഭോക്തൃ മന്ത്രാലയം ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറത്തിറക്കി. മൊത്തക്കച്ചവടക്കാർ, ചില്ലറ വ്യാപാരികൾ, വലിയ കച്ചവട ശൃംഖലകൾ, മില്ലുകൾ , ഇറക്കുമതിക്കാർ എന്നിവർക്ക് ഉത്തരവ് ബാധകമാണ്. മൊത്തക്കച്ചവടക്കാർക്ക് 200 മെട്രിക് ടൺ സംഭരിക്കാം. ചില്ലറ വ്യാപാരികൾക്ക് അഞ്ച് മെട്രിക് ടണ്ണും

സംഭരിക്കാം. സെപ്റ്റംബർ 30 വരെയാണ് ഉത്തരവിന് പ്രാബല്യമുണ്ടാവുക.

*******************************************

## CENTRE-PUBLIC EXAMINATIONS LAW.. INTRO

മത്സര പരീക്ഷകളിൽ ക്രമക്കേടും ദുഷ്ചെയ്തികളും കാട്ടുന്നത് നിയന്ത്രിക്കാൻ കർശന നിയമം വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ. **വിശദാംശങ്ങളിലേയ്ക്ക്.....**

(വോയ്സ്)

*മത്സര പരീക്ഷകളിൽ ക്രമക്കേടുകൾ കാട്ടുന്നവർക്ക് 10 വർഷം തടവും ഒരു കോടി രൂപ വരെ പിഴയും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചതനുസരിച്ച് നിയമം ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. പൊതു പരീക്ഷകൾ (അധാർമ്മിക പ്രവൃത്തി തടയൽ) ബിൽ 2024 ലോക്സഭ ഫെബ്രുവരി 6 നും രാജ്യസഭ ഫെബ്രുവരി 9 നും പാസാക്കിയിരുന്നു. ഫെബ്രുവരി 12 ന് രാഷ്ട്രപതി ദ്രൗപദി മുർമു ബില്ലിന് അംഗീകാരം നല്കി. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ , സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ദേശീയ ടെസ്റ്റിംഗ് ഏജൻസി, റെയിൽവെ റിക്രൂട്ട്മെൻറ് ബോർഡ്, ബാങ്കിംഗ് റിക്രൂട്ട്മെൻറ് ബോർഡ് തുടങ്ങിയവ നടത്തുന്ന പരീക്ഷകളിൽ ക്രമക്കേട് തടയുക ലക്ഷ്യമിട്ടാണ് നിയമം നടപ്പിലാക്കുന്നത്. വഞ്ചനയ്ക്ക് മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവാണ് നിയമത്തിൽ ശിക്ഷയുള്ളത്. സംഘടിതമായുള്ള വഞ്ചനയ്ക്ക് അഞ്ച് മുതൽ പത്ത് വർഷം വരെ തടവാണ് ശിക്ഷ . ഒരു കോടി രൂപ പിഴയും ലഭിക്കും. ന്യൂസ് ഡസ്ക്, ആകാശവാണി...*

*******************************************

## ANNOUNCEMENT- CRIMINAL LAW

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച നാളെ രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

************************************

## T20 WORLD CUP

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ 8 മത്സരത്തിൽ ഇന്നലെ നടന്ന കളിയിൽ ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി. വിജയിക്കാൻ 164 റൺസ് വേണ്ടിയിരുന്ന ഇംഗ്ലണ്ടിന് 6 വിക്കറ്റ് നഷ്ടത്തിൽ 156 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക 6 വിക്കറ്റ് നഷ്ടത്തിൽ 163 റൺസ് എടുത്തു. ബ്രിഡ്ജ് ടൗണിൽ വെസ്റ്റ് ഇൻഡീസും U S A മായുള്ള മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ വെസ്റ്റിൻഡീസ് U S A യെ ബാറ്റിംഗിന് അയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ U S A 17.4 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 119റൺസ് എടുത്തിട്ടുണ്ട്. സൂപ്പർ 8 ലെ ഇന്ന് രാത്രി നടക്കുന്ന മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ആന്റിഗ്വയിലെ വിവിയൻ റിച്ചാർഡ്സ് സ്റ്റേഡിയത്തിൽ രാത്രി എട്ട് മണിയ്ക്കാണ് മത്സരം.

************************************

## EURO CUP

യൂറോകപ്പിൽ ഗ്രൂപ്പ് - ഡിയിൽ ഓസ്ട്രിയ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് പോളണ്ടിനെ പരാജയപ്പെടുത്തി. ബെർളിനിലെ ഒളിമ്പിയ സ്റ്റേഡിയത്തിൽ നടന്ന ഈ മത്സരത്തിൽ പരാജയപ്പെട്ടതോടെ അടുത്ത റൗണ്ടിൽ കടക്കാമെന്ന പോളണ്ടിൻറെ മോഹത്തിന് മങ്ങലേറ്റു. നേരത്തെ ആദ്യ

മത്സരത്തിൽ പോളണ്ട് നെതർലൻഡ്സിനോട് തോറ്റിരുന്നു. ഗ്രൂപ്പ് ഡിയിൽ ഇന്ന് ഫ്രാൻസ് നെതർലാൻഡ്സുമായി ഏറ്റുമുട്ടും.

***********************************

## CSIR-UGC NET

C S I R - U G C - N E T പരീക്ഷ മാറ്റിവച്ചു. ദേശീയ ടെസ്റ്റിംഗ് ഏജൻസിയാണ് ഇക്കാര്യം അറിയിച്ചത്. ഈ മാസം 25 മുതൽ 27 വരെ പരീക്ഷ നടത്താനാണ് നേരത്തെ നിശ്ചയിച്ചിരുന്നത്. പുതിയ പരീക്ഷാ തീയതി പിന്നീട് ഔദ്യോഗിക വെബ്സൈറ്റിലൂടെ അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക് 011- 40759000 , 011-69227700 എന്നീ നമ്പറുകളിൽ ബന്ധപ്പെടാമെന്ന് എൻ ടി എ അറിയിച്ചു.

***********************************

## RAIN ALERT

കേരളത്തിൽ ശക്തമായ മഴ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ ഇന്ന് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യത ഉള്ളതിനാൽ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

***********************************

## NIA-HUMAN TRAFFICKING

മനുഷ്യക്കടത്ത്, നിർബന്ധിത സൈബർ തട്ടിപ്പ് കേസുകളിൽ രണ്ട് വിദേശ പൗരന്മാർ ഉൾപ്പെടെ അഞ്ച് പേർക്കെതിരെ ദേശീയ അന്വേഷണ ഏജൻസി കുറ്റപത്രം സമർപ്പിച്ചു. മുംബൈയിലെ എൻഐഎ പ്രത്യേക കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ, കേസിൽ വിദേശ പൗരന്മാരുടെ പങ്ക് വ്യാക്തമാണെന്ന്

അന്വേഷണസംഘം ചൂണ്ടിക്കാട്ടി. ഇംഗ്ലീഷ് ഭാഷയിലും സാങ്കേതികവിദ്യയിലും പ്രാവീണ്യമുള്ള ഇന്ത്യൻ യുവാക്കളായിരുന്നു തട്ടിപ്പുകാരുടെ ലക്ഷ്യമെന്നാണ് എൻഐഎയുടെ കണ്ടെത്തൽ. ഇരകളെ റിക്രൂട്ട് ചെയ്ത് ടൂറിസ്റ്റ് വിസയിൽ വിദേശത്തേക്ക് കടത്തുകയും തട്ടിപ്പ് കോൾ സെന്ററുകളിൽ ജോലി ചെയ്യാൻ നിർബന്ധിക്കുകയായിരുന്നുവെന്നും കുറ്റപത്രത്തിൽ പറയുന്നു. കേസിലെ പ്രതികളിൽ മൂന്ന് പേർ ഇപ്പോഴും ഒളിവിലാണ്.

**********************************

## CDS-DEFENCE

പ്രതിരോധ മേഖലയിൽ തദ്ദേശിയവത്ക്കരണം, സ്വയം പര്യാപ്തത എന്നിവ തന്ത്രപ്രധാനകാര്യമാണെന്ന് സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാൻ. ന്യൂഡൽഹിയിൽ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള B E M L കമ്പനിയുമായി ചേർന്നുള്ള ആദ്യ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തെ മുൻനിര പ്രതിരോധ ഉത്പന്ന കയറ്റുമതി നടത്തുന്ന രാജ്യമായി ഇന്ത്യയെ വളർത്തണമെന്ന് അദ്ദേഹം പറഞ്ഞു. വ്യോമസേനാ മേധാവി എയർചീഫ് മാർഷൽ വി ആർ ചൗധരി, കര-നാവിക-വ്യോമ സേനകളിലും തീരസംരക്ഷണ സേനയിലും നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**********************************

## NT.SRI LANKA-YOGA DAY

പത്താമത് അന്താരാഷ്ട്ര യോഗ ദിനം ശ്രീലങ്കയിലെ ട്രിങ്കോമാലി, ഗാലെകോട്ട, ഉമൻദവ ആഗോള ബുദ്ധഗ്രാമം എന്നിവിടങ്ങളിൽ ഇന്നലെ ആഘോഷിച്ചു. ഗാലെകോട്ടയിലെ ആഘോഷത്തിന് വേണ്ട ഒരുക്കങ്ങൾ ഹമ്പൻതോട്ടയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ആണ് നടത്തിയത്. ജീവിതത്തിന്റെ വിവിധ മേഖലകളിലുള്ള 300 - ലേറെ പേർ യോഗാഭ്യാസത്തിൽ പങ്കുകൊണ്ടു. ഉമൻദവ ആഗോള

ബുദ്ധ ഗ്രാമത്തിലെ പരിപാടി കാൻഡിയിലെ ഇന്ത്യൻ ഹൈകമ്മീഷനാണ് സംഘടിപ്പിച്ചത്. ട്രിങ്കോമാലിയിൽ ഇന്നലെ എത്തിയ ഇന്ത്യൻ നാവിക സേന കപ്പൽ കമോർത്തയിലാണ് ഇരു രാജ്യങ്ങളിലെയും സൈനികർ യോഗാദിനം ആഘോഷിച്ചത്. അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ ഹൈകമ്മീഷൻ 10 ദിവസത്തെ യോഗ മഹോത്സവം ശ്രീലങ്കയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

**************************************

## PRASAR BHARATHI

2024-ലെ റോയ്റ്റസ് സർവേയിൽ ഇന്ത്യയുടെ ഏറ്റവും വിശ്വാസ്യതയുള്ള വാർത്താ മാധ്യമമായി ആകാശവാണി വാർത്താ വിഭാഗം അംഗീകരിക്കപ്പെട്ടു. ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിലെ റോയ്റ്റേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ-ദി സ്റ്റഡി ഓഫ് ജേർണലിസം നടത്തിയ സർവേയിലാണ് അംഗീകാരം. രാജ്യത്തെ പ്രമുഖ മാധ്യമ സ്ഥാപനങ്ങളെ അപേക്ഷിച്ച് വിശ്വാസ്യതയിൽ ആകാശവാണി വാർത്തകൾ ഏറെ മുന്നിട്ടു നിൽക്കുന്നതായി സർവ്വേ വെളിപ്പെടുത്തി.

****************************************************************************